# ക്ലാസിക്കൽ മലയാളം

## ചരിത്ര വഴികൾ

എഡിറ്റർ:

ഡോ. അനിൽ വള്ളത്തോൾ

11. *ക്ലാസിക് പദവി - ശിക്ഷയും രക്ഷയും*
ഡോ. സി. ആർ. പ്രസാദ്........................................... 83
12. *ഭാഷയ്ക്കു പിറവിയുണ്ടോ*
രാജൻ ഗുരുക്കൾ, ജൽസ മേനോൻ.........................88
13. *ഭാഷകൾ മരിക്കുമ്പോൾ*
സി. രാജേന്ദ്രൻ.................................................................105
14. *പരാധീനതകളും നേട്ടങ്ങളും*
ഡോ. ഡി. ബഞ്ചമിൻ.......................................................113
15. *ആഗോളീകരണത്തിന്റെ പ്രതിഫലനം മലയാളത്തിൽ*
ഡോ. എസ്.എ. ഷാനവാസ്.........................................120
16. *ഭാഷ പരിണാമവും മരണവും*
ഡോ. സുഷമ. എൽ........................................................129
17. *ഭാഷാശാസ്ത്ര ആഭിമുഖ്യങ്ങളിൽ വൈവിധ്യം എന്ന സങ്കൽപം*
രാധാകൃഷ്ണൻ ഇളയിടത്ത്.........................................137
18. *ഭാഷയെ വികൃതമാക്കുമ്പോൾ*
പ്രൊഫ. പന്മന രാമചന്ദ്രൻ നായർ...........................141
19. *നവോത്ഥാനവും കേരളപാണിനീയവും*
ഡോ. പി.വി. പ്രകാശ്ബാബു.......................................152
20. *മാധ്യമമലയാളം ഭാഷയിലെ വിചേരദങ്ങൾ*
ഡോ. എ.എം. ഉണ്ണികൃഷ്ണൻ................................ 159
21. *വേണം മലയാളം ലേങ്ഗേഴ്സ് നിഘണ്ടു*
ഡോ. ആർ. വി. എം. ദിവാകരൻ.............................. 172
22. *മാതൃഭാഷയ്ക്ക് വേണ്ടത് ഒരു ബഹുജനപ്രസ്ഥാനം*
പി. പവിത്രൻ....................................................................... 182
23 *വിസ്മരിക്കില്ല ഞാൻ നിന്നെ സുരസുഷമേ*
ഡോ. വി. ദേവീപ്രസാദ് ........................................... 192
24. *മാതൃഭാഷയും മലയാളികളും*
കെ.പി. നൗഷാദ്.............................................................. 197
25. *വിജ്ഞാനവിനിമയം മാതൃഭാഷയിലൂടെ*
ഡോ. അനിൽ വള്ളത്തോൾ....................................... 202

## ഭാഷ നഷ്ടമായാൽ സ്വാതന്ത്ര്യം നഷ്ടമാകും

എം.ടി വാസുദേവൻ നായർ

ഇന്നു ഭാഷയുടെ പദവിയെ ചൊല്ലി ഒരുപാടു വാദങ്ങളും പ്രതിവാദങ്ങളും നാം കേൾക്കുന്നു. നമ്മുടെ ഭാഷയ്ക്ക് ക്ലാസിക്കൽ പദവിയുണ്ടോ, ഇല്ലയോ–അതിനുവേണ്ടിയുള്ള ഗവേഷണങ്ങൾ നടക്കുന്നു, ഗവേഷണ രേഖകൾ മുന്നിൽ കൊണ്ടുവന്നു ഹാജരാക്കുന്നു. തമിഴിനും കന്നഡയ്ക്കുമൊക്കെ പദവികൾ ലഭിക്കുന്നു, നമുക്കു കിട്ടുന്നില്ല എന്നൊക്കെ വാദമുഖങ്ങളുയരുന്നു. വളരെ പഴയ ചില ശിലാശാസനങ്ങളൊക്കെ കണ്ടെത്തി പല പണ്ഡിതന്മാരും ഭാഷയ്ക്ക് എത്ര പഴക്കമുണ്ടെന്നൊക്കെ സ്ഥാപിച്ചു മുന്നോട്ടുവരുന്നു. പഴക്കം പ്രശ്നമല്ല, എന്നെ സംബന്ധിച്ച്. എല്ലാ ഭാഷയ്ക്കും ഒരു ആത്മചൈതന്യമുണ്ട്, ജീനിയസ്, അത് ആയിരം കൊല്ലം മുമ്പ് തുടങ്ങിയാലും ഭാഷയുടെ ജീനിയസാണ് മികച്ചത്. മെക്കോളെയുടെ കാലഘട്ടത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ തുടങ്ങി. ഇതിനു രണ്ടു മുഖങ്ങളുണ്ട്. അക്കാലത്ത് നിയമങ്ങളൊക്കെ ഉണ്ടാക്കിയിരുന്ന ആളുകൾ ഇവിടത്തെ മിത്തുകളെ തെറ്റിദ്ധരിച്ചു. ഇന്ത്യയിലവർ സഞ്ചരിച്ചപ്പോൾ കണ്ടതും കേട്ടതുമായ മിത്തുകളൊക്കെ ഇവിടത്തെ ചരിത്രവും ഭൂമി ശാസ്ത്രവുമാണെന്നു തെറ്റിദ്ധരിച്ചു.

നൂറുതലയുള്ള ആൾ, ആയിരം കൈയുള്ള ആൾ. ഇതൊക്കെ ഏതു പ്രദേശത്തുമുള്ള മിത്തുകളാണ്. ചരിത്രമല്ല. ആ

പഴമൊഴികൾ തുടങ്ങിയവ സ്വാഭാവികമായി ഇല്ലാതാകുന്നുണ്ട്. ഇതു ഭാഷയുടെ മരണമെന്നു പറയാനാവുമോ? ശരീരത്തിൽനിന്നു നിർജീവ കോശങ്ങൾ നഷ്ടപ്പെടുന്ന പ്രക്രിയയെ മരണമെന്നു വിളിക്കാറില്ല. അതു നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നു. മറുവശത്ത് അതിനു തുല്യമോ അതിലധികമോ കോശങ്ങൾ വളരുന്നുണ്ട്. അതുപോലെ ഭാഷയിലും പദങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ, അർത്ഥം എന്നീ തലങ്ങളിലൊക്കെ വളർച്ച നമുക്കു കാണാൻ കഴിയും. അങ്ങനെ ഭാഷയുടെ മരണവും സ്വാഭാവിക പരിണാമവും തമ്മിൽ വേർതിരിക്കേണ്ടത് ഇവിടെ അത്യാവശ്യമായി വരുന്നു. ഇപ്പോൾ പ്രയോഗത്തിലില്ല എന്നതുകൊണ്ടുമാത്രം ഒരു ഭാഷ മരിച്ചുവെന്നു പറയാനാവില്ല. പഴയ ഇംഗ്ലീഷാണ് ഇക്കാര്യത്തിൽ ഏറ്റവും നല്ല ഉദാഹരണമായി എടുക്കാവുന്നത്. എ.ഡി 11-ാം നൂറ്റാണ്ടുവരെ ഉപയോഗിച്ചിരുന്ന പഴയ ഇംഗ്ലീഷ് (Old English) ഇന്ന് ഒട്ടും തന്നെ പ്രയോഗത്തിലില്ല. ഇതിനർത്ഥം ഇംഗ്ലീഷ് ഭാഷ മരിച്ചുവെന്നല്ല, അത് മിഡിൽ ഇംഗ്ലീഷ്, ആദ്യകാല മോഡേൺ ഇംഗ്ലീഷിൽ എത്തിനിൽക്കുന്നു. പഴയ ഇംഗ്ലീഷിന്റെ വർണങ്ങൾ തന്നെ മാറുകയും (രൂപത്തിലും എണ്ണത്തിലും) ചെയ്തിട്ടുണ്ട്. പഴയ ഇംഗ്ലീഷ് സ്വാഭാവിക വികാസപരിണാമങ്ങളിലൂടെ വളർന്നെന്നു വേണം കരുതേണ്ടത്. ജീവിവർഗങ്ങളിൽ കാണുന്ന രൂപാന്തരത്തിന് സദൃശം മാത്രമാണ് ഭാഷകളുടെ ഈ മാറ്റമെന്നു കരുതേണ്ടതുണ്ട്. ഭാഷയുടെ ഈ മാറ്റം ഒരു പ്രത്യേകഭാഷയുടെ വളർച്ചയിൽ മാത്രം പരിമിതപ്പെടുത്താവുന്ന ഒരു പ്രതിഭാസവുമല്ല.

**സഹായകഗ്രന്ഥങ്ങൾ**

1. Aitchison,jean 2001. *Language change*: Progress decay. Cambridge University Press
2. Bradley, David £Maya Bradley (Eds).2002. *Language Endangerment and Language Maintenance*, Cornwall : Rouledge Curzon Taylor & Francis Group.
3. Cristal David 1997. *English as a global language*. Cambridge University Press.
4. -do-2000 *Language Death*. Cambridge Univeristy Press.

# ഭാഷാശാസ്ത്ര ആഭിമുഖ്യങ്ങളിൽ വൈവിധ്യം എന്ന സങ്കൽപ്പനം

രാധാകൃഷ്ണൻ ഇളയിടത്ത്

സമകാലിക വൈജ്ഞാനിക പഠനങ്ങൾ ഭാഷയേയും സംസ്കാരത്തെയും ആണ് പ്രധാനമായും കേന്ദ്രീകരിക്കുന്നത്. ആധുനികതയ്ക്കു ശേഷം വൈജ്ഞാനികതയിൽ രൂപപ്പെട്ടുവന്ന പ്രസ്തുത പ്രവണതകളെ ഭാഷാശാസ്ത്ര ആഭിമുഖ്യം (Linguistic Turn), സാംസ്കാരിക ആഭിമുഖ്യം (Cultural Turn) എന്ന് പേരിട്ട് വിളിക്കാറുണ്ട്. സൈദ്ധാന്തികവും പ്രായോഗികവും ആയ തലങ്ങളിൽ വ്യക്തമായ ഉള്ളടക്കവും രീതിശാസ്ത്രവുമായി ഈ പ്രവണതകൾ ഇന്ന് വികസിച്ചു കഴിഞ്ഞിട്ടുണ്ട്. വിശദമായ അന്വേഷണത്തിൽ, ഇവ രണ്ടും ഒറ്റ തിരിഞ്ഞു നിൽക്കുന്ന സങ്കൽപ്പനങ്ങളല്ല. ഭാഷാശാസ്ത്ര ആഭിമുഖ്യങ്ങളിൽ ഭാഷ എന്ന സംവർഗത്തെയോ അതുമായിബന്ധപ്പെട്ട മേഖലകളെയോ സാംസ്കാരികമായി തന്നെയാണ് പരിഗണിച്ചുപോരുന്നത്. മുൻകാലങ്ങളിൽ സാങ്കേതികമായോ വ്യാകരണം നിർമിച്ച നിയമാവലികളാലോ വിശകലനം ചെയ്തുപോന്ന ഭാഷ, ഭാഷാശാസ്ത്ര ആഭിമുഖ്യങ്ങളിൽ സാംസ്കാരികമായി മനസ്സിലാക്കപ്പെടുന്നു.

**ഭാഷാശാസ്ത്ര ആഭിമുഖ്യം**

ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന സ്വിസ് ഭാഷാ ശാസ്ത്രജ്ഞനായ ഫെർഡിനാൻ ഡിസൊസ്യൂറിന്റെ Course in General Linguistics, (ഭാഷാശാസ്തരത്തിന്

ഒരു സാമാന്യ പദ്ധതി-1916) എന്ന കൃതിയോടെയാണ് മേൽപ്പറഞ്ഞ
ഭാഷാശാസ്ത്ര പ്രവണതകൾക്ക് തുടക്കമായത് എന്ന് സാമാന്യ
മായി പറയാം. പൂർവകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഉള്ളട
ക്കത്തിലും വിശകലനത്തിലും വലിയ വിച്ഛേദമായിരുന്നു സൊസ്യൂ
റിയൻ ചിന്ത. സൊസ്യൂറിന്റെ ഘടനാവാദ ചിന്ത പിൽക്കാലത്ത്
റഷ്യൻ ഫോർമലിസത്തിന്റെയും ശൈലീവിജ്ഞാനീയത്തിന്റെയും
ആധാരശിലയായി തീരുകയുംസാഹിത്യപഠനത്തിന് നൂനത ചിന്താ
പദ്ധതിയായി ഉപയോഗിക്കപ്പെടുകയുംചെയ്തു. ഘടനാവാദ ചിന്ത
യുടെ വ്യാപനവും വിമർശനവും ആയി പിൽക്കാലത്ത് വികസി
ച്ചുവന്ന ചിന്താപദ്ധതിയാണ് ഘടനാവാദാനന്തര ചിന്ത. ഭാഷയു
ടെയും സാഹിത്യത്തിന്റെയും മേഖലകളിൽ നിന്ന് വൈജ്ഞാനി
കതയുടെ വിഭിന്നമണ്ഡലങ്ങളിലേക്ക് ഘടനാവാദാനന്തര ചിന്ത
വികസിക്കുന്നു. റൊളാങ്ബാർത്ത്,ജാക്യൂസ് ദെറിദ, ജൂലിയ
ക്രിസ്തേവ, ലെവി സ്ട്രോസ്, ഴാങ് ലക്കാൻ തുടങ്ങിയ നിരവധി
പേർ ഘടനാവാദാനന്തരചിന്തയുടെവ്യത്യസ്ത മേഖലകളിലെ
പ്രയോക്താക്കളാണ്.

### ഭാഷാശാസ്ത്ര ആഭിമുഖ്യങ്ങളിലെ 'വൈവിധ്യം' എന്ന സങ്കല്പം

ഘടനാ-ഘടനാവാദാനന്തര ചിന്ത വൈജ്ഞാനിക മണ്ഡല
ങ്ങളിൽ സാധ്യമാക്കിയ ഉൾക്കാഴ്ചകൾ വിപുലങ്ങളാണ്. സാമൂ
ഹികാർത്ഥത്തെ ആപേക്ഷികമായി പ്രതിനിധാനം ചെയ്യുന്ന ഘട
നയായി ഇവർ ഭാഷയെ നോക്കിക്കാണുന്നു. ഭാഷയുടെ സവിശേഷ
ഘടനയാണ് അർത്ഥത്തെ ഉൽപ്പാദിപ്പിക്കുന്നത്. ഭാഷയിലെ ഘട
കങ്ങൾ തമ്മിലും സാമൂഹികമായ അർത്ഥങ്ങൾ തമ്മിലും ആപേ
ക്ഷികമായ ബന്ധം മാത്രം നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ
ഭാഷ സത്യാക്തകമോ ശരിയുടെ പകർപ്പോ അല്ല. നേരെമറിച്ച്
സാമൂഹികാർത്ഥത്തെ ആപേക്ഷികമായി മാത്രം ഉൾക്കൊള്ളുന്ന
ഘടന മാത്രമാണ്. ഭാഷാഘടകങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളി
ലൂടെയാണ് ഭാഷ തിരിച്ചറിയപ്പെടുന്നത്. ഘടകങ്ങൾ തമ്മിലുള്ള
വ്യത്യാസമാണ് ഭാഷയുടെ അസ്തിത്വത്തെ നിർവചിക്കുന്നത് (Dif-
ferences Define) അർഥോപാധി എന്ന നിലയിൽ ഭാഷ മുന്നോട്ടു
വെയ്ക്കുന്ന അർത്ഥതലവും വൈവിധ്യംനിറഞ്ഞതാണ്. അർത്ഥം
നിരന്തരം മാറ്റിവെയ്ക്കപ്പെടുകയോ, ഒന്നിൽനിന്ന് മറ്റൊന്നിലേക്ക്
തുറക്കപ്പെടുകയോ ചെയ്യുന്നു. ഘടനാ തലത്തിലും അർത്ഥതല



ത്തിലും വൈവിധ്യം ഭാഷയുടെമുഖമുദ്രയാണെന്ന് ഭാഷാശാസ്ത്ര
ആഭിമുഖ്യം വാദിക്കുന്നു.

ഘടനയിലെയും അർത്ഥത്തിലെയും വൈവിധ്യം ഘടനാ-
ഘടനാവാദാനന്തര ചിന്ത എങ്ങനെ പരിഗണിച്ചു എന്ന് വിലയിരു
ത്തപ്പെടേണ്ടതുണ്ട്. ഭാഷാഘടന വ്യത്യസ്തതകളിൽ അധിഷ്ഠി
തമാണെന്ന സൊസ്യൂറിയൻ ചിന്ത സാമ്പ്രദായിക ഭാഷാ പഠന
ങ്ങളുടെയോ (philology), വ്യാകരണത്തിന്റെയോ അടിസ്ഥാനങ്ങളെ
ചോദ്യംചെയ്യുന്നു. ഫോർമലിസ്റ്റുകളുടെയും ശൈലീപഠിതാക്കളു
ടെയും സാഹിത്യപഠനങ്ങൾ അർത്ഥത്തിന്റെ വൈവിധ്യത്തിൽ
തന്നെ ഊന്നുന്നു. ഘടനാവാദാനന്തര ചിന്തയിലും വൈവിധ്യം
എന്ന സങ്കൽപ്പനം നിർണായകമാകുന്നുണ്ട്. ജാക്യൂസ് ദെറിദയുടെ
Writingin difference എന്ന കൃതി ഭാഷയുടെ വൈവിധ്യഘടനയിൽ
ഊന്നുന്നു. work to the text എന്ന റൊളാങ് ബാർത്തിന്റെ കൃതിയി
ലാവട്ടെ 'Differences' എന്ന സങ്കൽപനം ആഴത്തിൽ ചർച്ച ചെയ്യ
പ്പെടുന്നു. പൊതുവായി ഭാഷാഘടനയേയും അർത്ഥത്തേയും ഏക
കേന്ദ്രീകൃതമോ മൗലികമോ ആയല്ല, മറിച്ച്, വൈവിധ്യങ്ങളുടെ
ആകെത്തുക എന്ന മട്ടിലാണ് ഭാഷാശാസ്ത്ര ആഭിമുഖ്യം പരിഗ
ണിക്കുന്നത് എന്നു പറയാം.

### അർത്ഥ വൈവിധ്യത്തിന്റെ സാമൂഹിക പ്രകരണം

ഭാഷാഘടനയിലെ അർത്ഥത്തിലും വൈവിധ്യം എന്ന
സങ്കൽപ്പനം സാധ്യമാകുന്നസാമൂഹിക പ്രകരണം ഏത് എന്ന
ചിന്ത അപ്രസക്തമാവുന്നു. മധ്യകാലത്തിന്റെയും ആധുനികതയു
ടെയും ശരികളെയും ആധികാരികതയേയും സംബന്ധിച്ച
സങ്കൽപ്പനങ്ങളിൽ നിന്ന് പുതുചിന്തവഴിമാറുന്നു. മധ്യകാലത്തി
ന്റെ മതസങ്കൽപ്പങ്ങളും ആധുനിക ശാസ്ത്രസങ്കൽപ്പങ്ങളും നിർമ്മി
ച്ചെടുത്ത ആധികാരികത ഇവിടെ സംശയിക്കപ്പെടുന്നു. കൊളോ
ണിയൽ ആധുനികത അവസാനിക്കുകയും കോളനിയനന്തരമാ
യ ലോകക്രമം രൂപപ്പെടുകയും ചെയ്യുന്നു. ആധുനികതയുടെവൈ
ജ്ഞാനിക ഉപാധി എന്നനിലയിൽ ശാസ്ത്രം വിമർശിക്കപ്പെടുന്നു.
കോളനീകരണത്തിൽ അധിഷ്ഠിതമായ മുതലാളിത്തഘടന തക
രുകയുംപകരം ജനാധിപത്യസംവിധാനങ്ങൾ രൂപപ്പെട്ടുവരികയും
ചെയ്യുന്നു. പ്രസ്തുത സാമൂഹിക പശ്ചാത്തലത്തിൽ വേണം
വൈജ്ഞാനികതയിൽ വന്ന ഇത്തരം മാറ്റങ്ങളെയും വിലയിരു

ത്താൻ പൂർവകാലങ്ങൾ ഭാഷയിൽ നിർമിച്ചുപോന്ന ഏകക്രമങ്ങൾ തകരുകയും ജനാധിപത്യക്രമങ്ങൾ ഉൾക്കൊള്ളുംവിധം ഭാഷാന്വേഷണങ്ങൾ നവീകരിക്കപ്പെടുകയും ചെയ്യുന്നു.

**പ്രതിലോമ വ്യാഖ്യാനങ്ങൾ**

അർത്ഥത്തെയും ഘടനയേയും സംബന്ധിക്കുന്ന വൈവിധ്യം കേവലം ഭാഷയുടെ ലീലാപരത (Language play) എന്ന മട്ടിലും വിലയിരുത്തപ്പെട്ടിട്ടുണ്ട്. ആധുനികാനന്തര ചിന്താപദ്ധതികളിലെയും പ്രയോഗങ്ങളിലെയും അരാഷ്ട്രീയമായ ഒരു ധാരയെ ഇത് സൂചിപ്പിക്കുന്നു. ആശയതലത്തിൽ ശാസ്ത്രം, മാർക്സിസം പോലുള്ളവയെ മുൻനിർത്തി ബൃഹദാഖ്യാനങ്ങളുടെ തകർച്ച പോലുള്ള വാദഗതികളും പ്രായോഗികതലത്തിൽ വികേന്ദ്രീകൃതവും സ്വയാധിഷ്ഠിതവും ആയ കൂട്ടങ്ങളുടെ രൂപീകരണവും ആധുനികാനന്തരതയുടെ അരാഷ്ട്രീയതയോട് ഒന്നു ചേരുന്നു. പ്രസ്തുത സാഹചര്യത്തിൽ ഭാഷാശാസ്ത്ര ആഭിമുഖ്യം പോലുള്ള വൈജ്ഞാനിക സന്ദർഭം ഉൾക്കൊള്ളുന്ന ഏതു സങ്കൽപ്പനത്തെയും ചരിത്രപരമോ ജനാധിപത്യപരമോ ആയി വേണം മനസ്സിലാക്കുവാൻ. ഭാഷാശാസ്ത്ര ആഭിമുഖ്യങ്ങളിലെ 'വൈവിധ്യം' എന്ന് ആവർത്തിച്ചു ചർച്ച ചെയ്യപ്പെടുന്ന സങ്കൽപ്പനത്തെയും കേവലം ഭാഷാ ലീലയായല്ല;മറിച്ച്, ജനാധിപത്യത്തിന്റെ തുറസ്സായി വേണം വ്യാഖ്യാനിക്കാൻ.

**ഗ്രന്ഥസൂചി**

1. *Beginning Theory-An Introduction to literary and cultural Theory*-Peter Barry-1995- Manchester University Press.
2. *Encyclopedia of literary critics and criticism*, Chris Murray-1999-Fitz Roy Dearborn publishers
3. *ഘടനാവാദവും ചിഹ്നവിജ്ഞാനീയവും* സി.ജെ. ജോർജ്, ഡി. സി ബുക്സ്, 2001.
4. *മലയാള വിമർശനം*-കാലിക്കറ്റ് സർവകലാശാല,1998-ജനുവരി-ജൂൺ

# ഭാഷയെ വികൃതമാക്കുമ്പോൾ

പ്രൊഫ. പന്മന രാമചന്ദ്രൻ നായർ

മലയാളഭാഷയെ നമ്മുടെ കവികൾ പെറ്റമ്മയായിട്ടാണ് സങ്കൽപ്പിച്ചിട്ടുള്ളത്; മറ്റു ഭാഷകളെല്ലാം പോറ്റമ്മമാർ മാത്രം. എല്ലാത്തരം സാംസ്കാരികാഭിവൃദ്ധിയുടെയും അടിത്തറ മാതൃഭാഷയാണ്. അടിയുറച്ച മാതൃഭാഷാ സ്നേഹവും മാതൃഭാഷാഭിമാനവുമുള്ള ജനതയ്ക്കേ യഥാർത്ഥമായ സാംസ്കാരികാഭിവൃദ്ധി ലഭിക്കുകയുള്ളൂ. മാതൃഭാഷാ സ്നേഹത്തിന്റെ കാര്യത്തിൽ അഭിമാനകരമായ പാരമ്പര്യമുള്ളവർ തന്നെയാണ് കേരളീയർ. എന്നാൽ ഇന്ന് അവസ്ഥയാകെ മാറിയിരിക്കുന്നു. ഈ അവസ്ഥയുടെ മൂലകാരണം സ്വാതന്ത്ര്യാനന്തരം കേരളസർക്കാറുകൾ പുലർത്തിയ കടുത്ത മാതൃഭാഷാവഗണനയും സർക്കാരിനെ വേണ്ടുംവണ്ണം നയിക്കാൻ ബാധ്യസ്ഥരായ ജനപ്രതിനിധികളുടെയും മാധ്യമങ്ങളുടെയും സാംസ്കാരിക നായകരുടെയും അക്ഷന്തവ്യമായ ഉത്തരവാദിത്വരാഹിത്യവുമാണ്. ഉത്തമ കേരളീയ പൗരരെ വാർത്തെടുക്കാൻ പോന്നതായിരുന്നു മുൻപത്തെ പ്രാഥമികവിദ്യാഭ്യാസ പദ്ധതി. സമുൽകൃഷ്ടമായ ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലെ ഏറ്റവും പ്രധാനമായ ഭാഗമാണ് പ്രാഥമിക വിദ്യാഭ്യാസം എന്ന് അന്നത്തെ ഭരണകർത്താക്കൾ മനസ്സിലാക്കിയിരുന്നു. ഇന്നോ? വ്യാജമദ്യവ്യാപാരികളെയും കരിഞ്ചന്തക്കാരെയും പോലെ കള്ളപ്പണക്കാരാകാൻ പരക്കം പായുന്ന വിദ്യാഭ്യാസക്കച്ചവടക്കാരുടെ